# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 566** **26.04.2017-ൽ മറുപടിയ്ക്ക്**

## <u>കേരള ബാങ്ക്</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. സി. ദിവാകരൻ**<br>**ശ്രീ. ജി.എസ്.ജയലാൽ**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ. കെ. രാജൻ** | | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>**(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്ത് രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന കേരളാ ബാങ്കിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് രൂപീകരിക്കാൻ ഉദ്ദേശിക്കുന്ന കേരളാ ബാങ്കിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| (ബി) | കേരളാ ബാങ്കിന്റെ ഘടന എപ്രകാരമായിരിക്കുമെന്നും ബാങ്കിനുള്ള മൂലധന സമാഹരണം ഏത് വിധത്തിൽ ആയിരിക്കുമെന്നും വ്യക്തമാക്കുമോ; | (ബി) | വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലാത്തതിനാൽ തീരുമാനമായിട്ടില്ല. |
| (സി) | പ്രസ്തുത ബാങ്ക് സംസ്ഥാനത്തെ സഹകരണ മേഖലയെ ഏതൊക്കെ തരത്തിൽ പരിപോഷിപ്പിക്കുമെന്ന് വ്യക്തമാക്കുമോ; | (സി) | നിർദ്ദിഷ്ട ബാങ്ക് നിലവിൽ വരുമ്പോൾ ആവർത്തിത/ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കുകയോ, കുറയ്ക്കുകയോ ചെയ്യുന്നത് പലിശ നിരക്കിൽ ഗണ്യമായ കുറവ് സാദ്ധ്യമാകാനും ഇടയുണ്ട്. ഇത് സഹകരണ ബാങ്കുകളുടെ വായ്പാ വിഹിതം വർദ്ധിപ്പിക്കുകയും, വായ്പാക്കാരുടെ പലിശ ബാദ്ധ്യത കുറയ്ക്കാൻ സഹായിക്കുകയും ചെയ്യുമെന്ന് കരുതുന്നു. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും സംയോജനത്തിലൂടെ മറികടക്കാനാകുമെന്ന് കണക്കുകൂട്ടുന്നു.<br><br>സംയോജനത്തിലൂടെ ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ മറ്റ് സ്ഥാപനങ്ങളുമായി ആരോഗ്യപരമായ |

| | | | |
|---|---|---|---|
| | | | മത്സരം നടത്താനും, സംസ്ഥാനത്തിന്റെ വികസനം സാദ്ധ്യമാക്കുന്ന സുപ്രധാന പദ്ധതികൾക്ക് ധനസഹായം നൽകുവാനും പ്രസ്തുത ബാങ്കിന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | കേരളാ ബാങ്ക് എന്നേക്ക് യാഥാർത്ഥ്യമാകുമെന്ന് അറിയിക്കുമോ? | (ഡി) | ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തീയതി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ